നം. സി.ഇ.ഇ/4050/2016/KEAM-2017/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2017-ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ: CBSE, CISCE ബോർഡുകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് യോഗ്യതാപരീക്ഷയുടെ മാർക്ക് സമർപ്പിക്കാൻ സൗകര്യം

2017-ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് അവരുടെ രണ്ടാം വർഷ യോഗ്യതാ പരീക്ഷയിൽ (പ്ലസ് ടു/തത്തുല്യം) നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. **CBSE, CISCE** എന്നീ ബോർഡുകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കും അവരുടെ യോഗ്യതാപരീക്ഷയുടെ മാർക്ക് സമർപ്പിക്കുന്നതിനുള്ള സൗകര്യം മേൽ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. മാർക്ക് (ഓൺലൈനായി) സമർപ്പിക്കുന്നതിനുള്ള സൗകര്യം **08.06.2017 വൈകുന്നേരം 5 മണി** വരെ ലഭ്യമാക്കുന്നതാണ്. മാർക്ക് സമർപ്പണത്തിനുള്ള നിർദ്ദേശങ്ങൾ അടങ്ങുന്ന 26.05.2017 ലെ ഓഫീസ് വിജ്ഞാപനം വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളത് വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം
03.06.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**